"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭ - നാട്ടകം വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വേ നം, 725/6-ൽ ഉൾപ്പെട്ട 27.60 ആർ ഭൂമിയിൽ പുനഃരധിവസിപ്പിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി ആധാരം ചെയ്ത് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

| | |
|---|---|
| **സ.ഉ.(കൈ) നം.165/2025/LSGD** | **തീയതി, തിരുവനന്തപുരം, 15-09-2025** |

പരാമർശം:-

1. കോട്ടയം നഗരസഭാ കൗൺസിലിന്റെ 28/02/2022, 11/03/2025 എന്നീ തീയതികളിലെ യഥാക്രമം 23, 58 നമ്പർ തീരുമാനങ്ങൾ.
2. കോട്ടയം നഗരസഭ സെക്രട്ടറിയുടെ 28/11/2022 തീയതിയിലെ NG1-3153/19 നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/04/2025 തീയതിയിലെ LSGD/PD/9258/2024-AR3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഭൂരഹിതരെ പുനഃരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1994-ൽ നാട്ടകം ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും 2010 കാലയളവിൽ നാട്ടകം ഗ്രാമപഞ്ചായത്ത് കോട്ടയം നഗരസഭയോട് കൂട്ടിച്ചേർത്തത് പ്രകാരം കോട്ടയം നഗരസഭയുടെ അധീനതയിലുൾപ്പെട്ടതുമായ നാട്ടകം വില്ലേജിൽ ബ്ലോക്ക് നം. 19-ൽ റീസർവ്വേ നമ്പർ 725/6-ൽ ഉൾപ്പെട്ട 27.60 ആർ ഭൂമിയിൽ പുനഃരധിവസിപ്പിച്ചിട്ടുള്ള ഭൂരഹിതരായ 16 കുടുംബങ്ങൾക്ക് 3 സെന്റ് വസ്തു വീതം, ആയതിലേക്ക് വരുന്ന ചിലവ് കക്ഷികൾതന്നെ വഹിക്കണമെന്ന വ്യവസ്ഥയോടെ, ആധാരം ചെയ്തു നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് 28/11/2022 തീയതിയിലെ പരാമർശം (1) തീരുമാനം പ്രകാരം കോട്ടയം നഗരസഭ ഭരണസമിതി നിശ്ചയിക്കുകയും പരാമർശം (2) പ്രകാരം കോട്ടയം നഗരസഭ സെക്രട്ടറി ഇക്കാര്യം അഭ്യർത്ഥിക്കുകയുമുണ്ടായി.

2). കോട്ടയം നഗരസഭ ഭരണസമിതിയുടെ 28/11/2022 തീയതിയിലെ ഭരണസമിതി തീരുമാനം പ്രകാരം ആധാരം ചെയ്തു നൽകുന്നതിന് നിശ്ചയിച്ചിരുന്ന 16 ഗുണഭോക്താക്കളിൽ അനന്തരാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത 5 ഗുണഭോക്താക്കളെ ഒഴിവാക്കി ബാക്കിയുള്ള 11 പേർക്ക് ആധാരം ചെയ്തു നൽകുന്നതിന് 11/03/2025 തീയതിലെ പരാമർശം (1) തീരുമാനം പ്രകാരം നഗരസഭാ ഭരണസമിതി നിശ്ചയിക്കുകയുണ്ടായി. നിലവിൽ ഓരോ കുടുംബവും അനുഭവിച്ചു വരുന്ന ഭൂമി താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാണെന്നും ആയത് പരിഗണിച്ച് രേഖകൾ

ലഭ്യമാക്കിയിട്ടുള്ള 11 ഗുണഭോക്താക്കൾക്ക് ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് പരാമർശം(3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, നിർദ്ദിഷ്ട സ്ഥലം നാട്ടകം പഞ്ചായത്ത് സെക്രട്ടറിയുടെ തണ്ടപ്പേരിൽ കിടക്കുന്നതിനാൽ (നിലവിൽ കോട്ടയം മുനിസിപ്പാലിറ്റി) ഗുണഭോക്താക്കൾക്ക് ആധാരം എഴുതി നൽകുന്നതാണ് പുറമ്പോക്കിലേയ്ക്ക് മാറ്റി പട്ടയം നൽകുന്നതിനേക്കാൾ അഭികാമ്യം എന്നും ആയതിനുള്ള ചെലവ് കക്ഷികൾ തന്നെ വഹിക്കേണ്ടതാണെന്നും കോട്ടയം താലൂക്ക് തഹസിൽദാറും ശുപാർശ ചെയ്തിട്ടുള്ളതായി കാണുന്നു.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2000-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം, 6-ാം ചട്ടം എന്നിവയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 1994-ൽ ഭൂരഹിതരെ പുനഃരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാട്ടകം ഗ്രാമപഞ്ചായത്ത് വിലയ്ക്ക് വാങ്ങിയതും നിലവിൽ കോട്ടയം നഗരസഭയുടെ അധീനതയിലുള്ളതുമായ നാട്ടകം വില്ലേജിൽ ബ്ലോക്ക് നം. 19-ൽ റീസർവ്വേ നമ്പർ 725/6-ൽ ഉൾപ്പെട്ട 27.60 ആർ ഭൂമിയിൽ പുനഃരധിവസിപ്പിച്ചിട്ടുള്ളതുമായ ഭൂരഹിതരായ 11 ഗുണഭോക്താക്കൾക്ക്, അനന്തരാവകാശികൾക്ക് അല്ലാതെ ടി വസ്തു 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥയോടെ, താഴെ പട്ടികയിൽ പരാമർശിക്കും പ്രകാരം, ആയതിലേക്ക് വരുന്ന ചിലവ് ഗുണഭോക്താക്കൾതന്നെ വഹിക്കണമെന്ന നിബന്ധനയോടെ, ആധാരം ചെയ്തു നൽകുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു.

| **ക്രമ.നം** | **പേര്** | **മേൽവിലാസം** | **വിസ്തീർണ്ണം (ആർ)** | **അവകാശി /അന്തരവകാശി** |
|---|---|---|---|---|
| 1. | ജയപ്രകാശ് | തയ്യിൽ കരോട്ട് | 1.60 ആർ | |
| 2. | ജാനകി സുകുമാരൻ | തയ്യിൽ കരോട്ട് | 1.65 ആർ | |
| 3. | ജോസഫ്/ മോളി ജോസഫ് (Late) | ചാമക്കാട്ട് മറ്റം | 1.21 ആർ | സാബു ജോസഫ് |
| 4. | പി. കെ. വിനേഷ് | ചാമക്കാട്ട് മറ്റം | 1.21 ആർ | |
| 5. | യേശുദാസ് (Late) | ചാമക്കാട്ട് മറ്റം | 1.21 ആർ | ഫിലോമിന യേശുദാസ് |

| | | | | |
|---|---|---|---|---|
| 6. | കെ.എം.ഡാനിയേൽ | കലയന്തടം | 1.24 ആർ | |
| 7. | കെ.എം.മാർക്കോസ് | കലയന്തടം | 1.21 ആർ | |
| 8. | സുരേഷ് | പുതുപ്പറമ്പിൽ | 1.21 ആർ | |
| 9. | സി.കെ.ശശി | പുതുവൽകോളനി | 1.21 ആർ | |
| 10. | പത്മിനി | പുതുവൽകോളനി (ചേരിക്കൽ) | 1.21 ആർ | |
| 11. | തങ്കപ്പൻ ചെട്ടിയാർ (Late) | പുതുവൽകോളനി (ഉഷ ഭവനം) | 1.21 ആർ | മീനാക്ഷി തങ്കപ്പൻ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, കോട്ടയം നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം. തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ് (നം.എം.3/80/2025-റവ തീയതി 02/06/2025, 31/07/2025).
നിയമ വകുപ്പ് (No. OPN-D3/134/2025-LAW dated 23/06/2025).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ആർ.ഇ1/49/2023/തസ്വഭവ).

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 15-09-2025 17:07:08

സെക്ഷൻ ഓഫീസർ